മായ പാണ്ഡിത്യത്തെ, 'ലഘുവായ ഒരു പുഷ്പത്തെയെന്നപോലെ, അനായാസമായി അദ്ദേഹം ശിരസ്സിലണിഞ്ഞുപോന്നു.

തന്റെ ശിഷ്യനും സുഹൃത്തുമായിരുന്ന ചെറുകാടിന്റെ സ്മരണയ്ക്കു സമർപ്പിക്കപ്പെട്ട 'ശക്തി' അവാർഡ് ശ്രീ കെ. തായാട്ടിനു നല്കുന്നതിനുവേണ്ടി വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കവേ ആണ് അദ്ദേഹം പെട്ടെന്ന് മരിച്ചുപോയത്. ചെറുകാടിന്റെ പഠനവിമുഖതയെപ്പററി തമാശ പറഞ്ഞു ചിരിച്ചുകൊണ്ടിരിക്കേ കസേരയിൽ അദ്ദേഹം പിന്നോട്ടു മലർന്നു. ഒരു പ്രായമെത്തിയാൽ പിന്നെ എല്ലാവരും ആഗ്രഹിക്കുന്ന 'അനായാസേന മരണം' അദ്ദേഹത്തിനു കൈവരുകയും ചെയ്തു. കുറേക്കാലംകൂടി ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിൽനിന്നു മലയാളത്തിന് ഇനിയും പല സംഭാവനകളും കൈവരുമായിരുന്നു എന്നതു തീർച്ചയാണ്. അങ്ങനെ ഉണ്ടാവാതിരുന്നതു് നമ്മുടെ നിർഭാഗ്യമെന്നേ പറയാനുള്ളു.

രോഗശയ്യയിലായിരിക്കെ, 'കേരളോദയ'ത്തിന് ഒരു മലയാള വിവർത്തനം അദ്ദേഹം തയ്യാറാക്കി. തന്റെ പഴയ കവിതകൾ ശേഖരിച്ച് പുനഃപ്രസാധനം ചെയ്യണമെന്ന ആഗ്രഹം മുമ്പ് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ലേഖനങ്ങൾ മുഴുവൻ സമാഹരിച്ച് രണ്ടോ മൂന്നോ വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തുന്നതും പ്രയോജനകരമായിരിക്കും.

എഴുത്തച്ഛന്റെ സുഹൃത്തുക്കളുടെയും ആരാധകരുടെയും വിപുലമായ ഒരു വലയം തങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നുണ്ടെന്ന വിവരം അദ്ദേഹത്തിന്റെ പത്നിക്കും മക്കൾക്കും ആശ്വാസമരുളട്ടെ.

8 നവംബർ, 1981

# 87. ആനന്ദശങ്കരമാധവൻ

ആനന്ദശങ്കരമാധവനുമായി പരിചയമുള്ള കേരളീയർ കുറവായിരിക്കും. എനിക്കും അദ്ദേഹത്തെപ്പററി കേട്ടറിവേ ഉള്ളു. എങ്കിലും അപൂർണമായ ആ അറിവുവെച്ചുതന്നെ ആ അസാധാരണ മനുഷ്യനെപ്പററി എഴുതേണ്ടതാണെന്നു തോന്നി.

കേരളത്തിൽ കൊല്ലം ജില്ലയിലാണ് അറുപത്തേഴ വർഷം മുമ്പ് ആനന്ദശങ്കരമാധവൻ ജനിച്ചതു്. അദ്ദേഹം ജനിച്ച സ്ഥലത്തിന്റെ പേരോ വീട്ടുപേരോ എനിക്കറിവില്ല. ബാല്യകാല വിദ്യാഭ്യാസത്തെപ്പററിയും അറിഞ്ഞുകൂടാ. 1930-കളിൽ അദ്ദേഹം കേരളംവിട്ട് ഉത്തരേന്ത്യയിലേക്കു പോയി. നാടു് നടന്നു കാണലായിരുന്നിരിക്കാം ഉദ്ദേശ്യം. അന്ന് ഊർജസ്വലമായി നടന്നുകൊണ്ടിരുന്ന സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനുള്ള ആഗ്രഹവുമാവാം, അവ്യക്തമായ ഒരുതരം വൈരാഗ്യവുമാവാം. ഉദ്ദേശ്യം എന്തായാലും, തോളിൽ സഞ്ചിയും ഖാദി ജുബ്ബയുമായി അദ്ദേഹം ഒടുവിൽ എത്തിച്ചേർന്നതു് ദില്ലിയിലെ പ്രസിദ്ധമായ 'ജാമിയാ മില്ലിയാ ഇസ്ലാമിയ' എന്ന ദേശീയ വിദ്യാലയത്തിലായിരുന്നു. പിന്നീട് രാഷ്ട്രപതിയായിത്തീർന്ന ഡോ. സാക്കിർ ഹുസൈൻ ആയിരുന്നു അന്ന് ജാമിയാ മില്ലിയയുടെ വൈസ്ചാൻസലർ. ആനന്ദശങ്കരമാധവൻ അവിടെ ഒരു വിദ്യാർത്ഥിയായി ചേർന്നു. ഇപ്പോൾ ബിഹാർ സംസ്ഥാനത്തിൽ ഗവർണർ ആയ എ. ആർ. കിദ്വായി അന്ന് അവിടെ വിദ്യാർത്ഥിയായിരുന്നു.

1942-ലെ സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരുന്ന കാലം. ബിഹാറിലെ ഭാഗൽപൂർ ജില്ലയിൽവെച്ച് ആനന്ദശങ്കരമാധവനെ അറസ്റ്റു ചെയ്തു. വിപ്ലവകാരിയാണെന്ന സംശയത്താൽ അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു.

ജയിലിൽനിന്നു വിട്ടതിനുശേഷം ആനന്ദശങ്കരമാധവൻ തന്റെ കർമപദ്ധതി കണ്ടെത്തിയിരുന്നു. അദ്ദേഹം ഭാഗൽപൂർ ജില്ലയിൽതന്നെ താമസിച്ചു. അവിടെ നഗരങ്ങളിൽനിന്നെല്ലാം അകലെ, നാട്ടിൻപുറത്ത്, 'മന്ദാർ' എന്ന ഒരു കുന്നിന്നരികെ ഭൂപേന്ദ്രനാഥ സാന്യാൽ എന്ന ഒരു യോഗിയുടെ ആശ്രമമുണ്ടായിരുന്നു. ഈ ആശ്രമത്തിലെ അന്തേവാസിയായിത്തീർന്നു ആനന്ദശങ്കരമാധവൻ. സാന്യാൽ ബംഗാളിയായിരുന്നു; മാധവൻ മലയാളിയും. ഹിന്ദിയിൽ അവർ ആശയവിനിമയം ചെയ്തു.

ഹിന്ദിയിലൂടെ ദേശീയവിദ്യാഭ്യാസം നൽകുന്നതിന് 'മന്ദാർ വിദ്യാപീഠം' എന്ന സ്ഥാപനം 1945-ൽ ആനന്ദശങ്കരമാധവൻ അവിടെ ആരംഭിച്ചു. സേവനം, വിദ്യാഭ്യാസം, ആദ്ധ്യാത്മിക ജ്ഞാനാർജനം എന്നു മൂന്നുമാണ് വിദ്യാപീഠത്തിന്റെ ലക്ഷ്യങ്ങൾ. ഇക്കഴിഞ്ഞ മുപ്പത്തേഴു വർഷങ്ങളായി ഈ സ്ഥാപനം ബിഹാറിൽ പ്രശസ്തസേവനം അനുഷ്ഠിച്ചുവരുന്നു. തടസ്സങ്ങളോടു നിരന്തരം മല്ലിട്ട് ഈ സ്ഥാപനം വികസിപ്പിച്ചെടുക്കുന്നതിൽ അദ്വിതീയമായ വിജയമാണ് ആനന്ദശങ്കരമാധവൻ നേടിയിട്ടുള്ളത്.

ഭാഗൽപൂരിലെ സംസാരഭാഷ ഹിന്ദിയല്ല. പഴയ അംഗരാജ്യമാണ് ഭാഗൽപൂർ. 'അംഗികാ' എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന ഒരു ഉപഭാഷയാണ് അവിടത്തെ ജനങ്ങൾ സംസാരിക്കുന്നത്. വിദ്യാഭ്യാസഭാഷ ഹിന്ദിയാണ്; പക്ഷേ, ബിഹാറിൽ വിദ്യാഭ്യാസം നേടുന്നത് വളരെ ചെറിയ ഒരു ശതമാനം മാത്രമാണല്ലോ. അതിനാൽ ഭാഗൽപൂരിൽ, ജനങ്ങളെ ഹിന്ദി പഠിപ്പിക്കുകതന്നെ വേണം. ബിഹാറിലെ മറ്റു പല പ്രദേശങ്ങളിലും സ്ഥിതി ഇതുതന്നെയാണ്. ബിഹാറികൾക്കു പൊതുവേ ഹിന്ദി ഒന്നാം ഭാഷയല്ല, രണ്ടാം ഭാഷയാണെന്നു പറയാം.

ഹിന്ദിഭാഷയും വിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നതിനും, ഗ്രാമീണർക്കു സേവനങ്ങൾ നൽകുന്നതിനും, അവരെ വികസനത്തിന്റെ മാർഗത്തിലൂടെ മുന്നോട്ടു നയിക്കുന്നതിനും മന്ദാർ വിദ്യാപീഠത്തെ ആനന്ദശങ്കരമാധവൻ ഫലപ്രദമായി ഉപയോഗപ്പെടുത്തിവരുന്നു. 'ഹിന്ദിയല്ലാത്ത ഒരു ഭാഷ സംസാരിക്കുന്ന മറെറാരു ഭാരതീയനും ഹിന്ദിക്ക് ഇത്തരം അദ്വിതീയ സേവനം നൽകിയിട്ടുള്ളതായി എന്റെ അറിവിൽ പെട്ടിട്ടില്ല' എന്നാണ് ബിഹാറിൽത്തന്നെ 'ദേവഘർ' എന്ന സ്ഥലത്തുള്ള സുപ്രസിദ്ധമായ ഹിന്ദി വിദ്യാപീഠത്തിന്റെ വൈസ്ചാൻസലർ ആയ ശ്രീ നവൽകിശോർ ഗൗഡ്, ആനന്ദശങ്കരമാധവനേപ്പററി പ്രസ്താവിച്ചിട്ടുള്ളത്.

ഹിന്ദിയിൽ ഇതിനകം ആനന്ദശങ്കരമാധവന്റെ മുപ്പത്തിനാലു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽ ക്ഷണിക്കാത്ത അതിഥികൾ, പ്രസവവേദന (രണ്ടു ഭാഗങ്ങൾ), എന്ന രണ്ടു നോവലുകളും, ആറു കവിതാസമാഹാരങ്ങളും, ആറ് ഉപന്യാസസമാഹാരങ്ങളും, രണ്ട് കഥാസമാഹാരങ്ങളും ഏതാനും ദാർശനിക ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. മൂന്നു തിരക്കഥകളടക്കം പതിനൊന്നു പുസ്തകങ്ങൾ പ്രസിദ്ധീകരണത്തിനു തയ്യാറായിരിക്കുന്നു. കുറേക്കാലം അദ്ദേഹം പ്രാച്യഭാരതി, അദ്വൈതസമാജം എന്ന രണ്ടു ഹിന്ദി മാസികകളുടെയും, 'മന്ദാർ' എന്ന ഒരു ഇംഗ്ലീഷ് പത്രത്തിന്റെയും പത്രാധിപരുമായിരുന്നു.

ആനന്ദശങ്കരമാധവന്റെ ഒരു കൃതിയും ഞാൻ വായിച്ചിട്ടില്ല. ശാന്തിനികേതനത്തിലും ബനാറസ് ഹിന്ദു യൂണിവേഴ്സിററിയിലും ഹിന്ദി വിഭാഗത്തിലെ തലവനായിരുന്ന, പരേതനായ, ആചാര്യ ഹസാരി

പ്രസാദ് ദ്വിവേദി, ആനന്ദശങ്കരമാധവൻെറ ഒരു നോവലിനെപ്പററി ഇങ്ങനെ എഴുതിയിട്ടുണ്ട്:

'ക്ഷണിക്കപ്പെടാത്ത അതിഥികഠം' വായിച്ച് ഞാൻ അത്ഭുതസ്തബ്ധനായി. ഗ്രന്ഥകാരൻെറ ഭാഷ വേണ്ടവിധത്തിലായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. എന്നാൽ, ഭാഷയുടെ ദോഷങ്ങളം, മഹത്തും സംവേദനാത്മകവുമായ ആ ജീവിതരതിയുടെ മുമ്പിൽ വാടിപ്പോകുന്നു. ആ ജീവിതരതിയാണ് ഇതിലെ പ്രതിപാദ്യം; ഈ കൃതിയിൽ ജീവിതം അലയടിച്ചു പരന്നു കിടക്കുന്നു.

'മാധവനെ എനിക്കു വളരെ നാളായി അറിയാം. അദ്ദേഹത്തിൻെറ ഹൃദയത്തിൻെറ അത്ഭുതകരമായ സൗകമാര്യം വെളിപ്പെടുത്തുന്ന ചില സംവേദങ്ങളം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ, ഈ നോവലിൽ പ്രതിഫലിക്കുന്ന സമ്യഗ്ജീവിതദർശനം കണ്ടു ഞാൻ വിസ്മയിച്ചുപോയി.'

ആചാര്യ ദ്വിവേദി, ആനന്ദശങ്കരമാധവനെ ഇങ്ങനെ പരിചയപ്പെടുത്തുന്നു:

'ആനന്ദശങ്കരമാധവനെ എന്തു പറഞ്ഞാണു പരിചയപ്പെടുത്തേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. അദ്ദേഹം സന്യാസിയല്ല; പക്ഷേ, കർമയോഗികളായ ഇത്തരം സന്യാസികളെ വേറെ കണ്ടുമുട്ടുക പ്രയാസമാണ്. അദ്ദേഹം വയോവൃദ്ധനല്ല; പക്ഷേ, അദ്ദേഹത്തെപ്പോലെ പക്വമതികളായ വൃദ്ധന്മാർ ചുരുക്കമായിരിക്കും. പൊതുവേ മനസ്സിലാക്കിവരുന്ന അർത്ഥത്തിൽ ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനല്ല അദ്ദേഹം; പക്ഷേ, വിദ്യാഭ്യാസത്തെ ഒരു യജ്ഞമെന്നു കരുതി, ഒരു പാവനകർമമെന്നു കരുതി, നിഷ്ഠയോടെ അനുഷ്ഠിക്കുന്ന ഇമ്മാതിരി വിദ്യാഭ്യാസ പ്രവർത്തകർ കുറവാണ്. അദ്ദേഹം കവിയല്ല; പക്ഷേ, ജീവിതത്തെ ആകെ പ്രാണവത്തും ഗതിശീലവുമാക്കുന്നതിന് അദ്ദേഹത്തേപ്പോലെ ഉത്തേജനം നൽകുന്ന കവികഠം അപൂർവമാണ്. അദ്ദേഹത്തിൻെറ മാതൃഭാഷ ഹിന്ദിയല്ല; പക്ഷേ, ചുരുങ്ങിയ കാലത്തിനുള്ളിൽ ഹിന്ദിസാഹിത്യത്തിന് അദ്ദേഹം നൽകിയ അമൂല്യസംഭാവനകഠം ആശ്ചര്യമുളവാക്കുന്നവയത്രേ.

'വാസ്തവത്തിൽ, ഈശ്വരനു സമർപ്പിക്കപ്പെട്ട ഒരു നൈവേദ്യമാണ് അദ്ദേഹത്തിൻെറ ജീവിതം. സമർപ്പണത്തിൽനിന്നാണ് അതു പ്രേരണ നേടുന്നത്. അദ്ദേഹത്തിൻെറ സാഹിത്യവും, കർമമയമായ അദ്ദേഹത്തിൻെറ ജീവിതവും, അദ്ദേഹം സ്ഥാപിച്ചു നടത്തുന്ന മന്ദാർ വിദ്യാപീഠവും, അദ്ദേഹത്തിൻെറ ജാഗരൂകമായ സേവനവും, എല്ലാം ഈശ്വരനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. ശരിയായ അർത്ഥത്തിൽ സേവകൻ, അനന്യസേവകൻ, ആണ് അദ്ദേഹം.

'ആനന്ദശങ്കരമാധവൻ തൻെറ തപശ്ചര്യ ആരംഭിച്ചതു് വളരെ കുറച്ചു വിഭവങ്ങളുമായാണ്. വളരെ ചെറുതായിരുന്നു മന്ദാർ വിദ്യാപീഠം. തുടക്കത്തിൽ ഈശ്വരൻ അദ്ദേഹത്തെ പല പരീക്ഷണങ്ങളിലും അകപ്പെടുത്തി. പക്ഷേ, തോററു പിന്മടങ്ങുന്നവനായിരുന്നില്ല മാധവൻ. താൻ ചെയ്തതിൻെറയും ചെയ്യിച്ചതിൻെറയും കണക്കു വെക്കുകയും മുടക്കുമുതലിൻെറയും ലാഭത്തിൻെറയും അടിസ്ഥാനത്തിൽ ചിന്തിക്കുകയും ചെയ്യുന്നവർക്കല്ലേ പരാജയമുള്ളൂ? മാധവൻ അത്തരക്കാരനല്ല, എല്ലാ വിജയങ്ങളെയും പരാജയങ്ങളെയും, ലാഭങ്ങളെയും നഷ്ടങ്ങളെയും, ഭഗവത്പ്രസാദമെന്നു കരുതി സ്വീകരിക്കുന്ന ഒരാളാണ് അദ്ദേഹം. മധുരമാകട്ടെ, കയ്പാകട്ടെ, എന്തും ഭഗവാൻെറ പ്രസാദമെന്നു കരുതി സ്വീകരിക്കുന്നതിനുള്ള ശക്തി നൽകുന്നു എന്നതാണ് അർപ്പണബോധത്തിൻെറ മാഹാത്മ്യം. ഈശ്വരൻ തരുന്നതെന്തും സ്വീകാര്യമാണ്; ശിരോഗ്രാഹ്യമാണ്. പരാജയങ്ങളംകൊണ്ട് മാധവൻ കലുങ്ങിയില്ല. മന്ദാർ വിദ്യാപീഠം ഇന്നു പൂക്കാനും കായ്ക്കാനും

തുടങ്ങിയിരിക്കുന്നു. പ്രാരംഭവിഘ്നങ്ങളെ അതിജീവിച്ച് അതു മുന്നേറിക്കഴിഞ്ഞിരിക്കുന്നു. ഇനിയും ഈ സ്ഥാപനം മുന്നോട്ടു പോകും.'

ആചാര്യ ദ്വിവേദി ഇതെഴുതിയതു് 1965–ലാണ്. അദ്ദേഹത്തിന്റെ പ്രവചനം അസ്ഥാനത്തായിട്ടില്ലെന്ന് ഇക്കഴിഞ്ഞ പതിനേഴു വർഷങ്ങളിൽ മന്ദാർ വിദ്യാപീഠത്തിനുണ്ടായ വളർച്ച തെളിയിക്കുന്നു.

ആനന്ദശങ്കരമാധവനെപ്പററി പത്തുപതിനഞ്ചു കൊല്ലം മുമ്പ് ഞാൻ കേട്ടിരുന്നു. തന്റെ പേര് അതിന്റെ മലയാളി രൂപത്തിൽ 'മാധവൻ' എന്ന് അദ്ദേഹം നിലനിർത്തിപ്പോന്നതാണ് അന്ന് എന്നെ ആകർഷിച്ച ഒരു വസ്തുത. കേരളത്തിൽതന്നെ നാം മലയാളിപ്പേരുകൾക്ക് ഉത്തരേന്ത്യൻ ഛായ നൽകി. ശങ്കരനെ 'ശങ്കറും' കൃഷ്ണനെ 'കിഷനും' രാമനെ 'റാ'മും ആക്കിക്കൊണ്ടിരിക്കെ, ഇതാ അകലെ, ഉത്തരേന്ത്യൻ ഗ്രാമങ്ങളിലൊരാൾ തന്റെ പേരിലൂടെ താനൊരു മലയാളിയാണെന്ന വസ്തുത പ്രഖ്യാപിക്കാനാഗ്രഹിക്കുന്നു!

ആനന്ദശങ്കരമാധവനെ കണ്ടിട്ടില്ലെങ്കിലും അദ്ദേഹം തന്റെ കർമക്ഷേത്രമായി തിരഞ്ഞെടുത്ത മന്ദാർ ദൂരെനിന്ന് ഞാൻ കണ്ടിട്ടുണ്ട്. ഏതാനും വർഷങ്ങൾ മുമ്പ് ഒരു പ്രഭാതത്തിൽ ഭാഗൽപ്പൂരിലൂടെ കാറിൽ സഞ്ചരിക്കുമ്പോൾ, അററമില്ലാതെ പരന്നു കിടക്കുന്ന മൈതാനത്തിന്റെ നടുക്ക് ഒരു അത്ഭുതംപോലെ മേല്പോട്ടുയർന്നുനില്ക്കുന്ന ഒരു കുന്ന് ചൂണ്ടിക്കാട്ടി സഹയാത്രികൻ പറഞ്ഞു: 'അതാണ് മന്ദാർ. അതിന്റെ ചുവട്ടിലാണ് മന്ദാർ വിദ്യാപീഠം.'

ജരാനരകൾ തീർക്കുന്ന അമൃതെടുക്കുവാൻ ദേവൻമാരും അസുരന്മാരും ചേർന്ന് പാല്ക്കടൽ കടഞ്ഞപ്പോൾ കടകോൽ ആയി ഉപയോഗിച്ച സാക്ഷാൽ മന്ദരപർവതമാണ് ഈ മന്ദാർകുന്ന് എന്ന് സഹയാത്രികൻ എന്നോടു പറഞ്ഞു. യഥാർത്ഥത്തിൽ ആ കുന്ന് ഒരു കടകോൽത്തണ്ടുപോലെ ഉരുണ്ട് കുത്തനെ ഉയർന്നുനിന്നിരുന്നു.

ഞങ്ങൾ സഞ്ചരിച്ചിരുന്ന റോഡിൽനിന്ന് മന്ദാർ വിദ്യാപീഠത്തിലേക്ക് ഒരു ഗ്രാമപാത പോകുന്നുണ്ട്. ആ പാത റോഡിൽ സന്ധിക്കുന്നിടത്തു് 'മന്ദാർ വിദ്യാപീഠം' എന്ന ബോർഡും കണ്ടു.

'പോയി വിദ്യാപീഠം കണ്ടാലോ?' ഞാൻ ചോദിച്ചു.

'വളരെ സമയം പിടിക്കും. മുൻകൂട്ടി നിശ്ചയിച്ച നമ്മുടെ പരിപാടികൾ തെററുകയും ചെയ്യും.'

അങ്ങനെ അന്ന് മന്ദാർ വിദ്യാപീഠം കാണാൻ കഴിഞ്ഞില്ല. കാണാൻ കഴിഞ്ഞിരുന്നെങ്കിൽ, കേരളത്തിൽനിന്ന് എത്രയോ അകലെ, ഹിമാലയത്തോടടുത്തു്, അവികസിതമായ ബിഹാറിൽ, അത്യന്തം അവികസിതമായ ഭാഗൽപൂരിലെ ഒരു കുഗ്രാമത്തിൽ അർപ്പിതാത്മാവായി നിശ്ശബ്ദ സേവനമനുഷ്ഠിക്കുന്ന ഈ കേരളീയ സഹോദരനെ എന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ ഞാൻ നേരിട്ട് അറിയിക്കുമായിരുന്നു.

ആചാര്യ ഹസാരീപ്രസാദ് ദ്വിവേദിയുടെ വാക്കുകൾ കടം വാങ്ങിക്കൊണ്ട് ഇപ്പോൾ ഞാൻ ആ കൃത്യം ഈ ലേഖനത്തിലൂടെ നിർവഹിച്ചുകൊള്ളട്ടെ:

'സഹോദരൻ മാധവനെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ സമർപ്പണമനോഭാവത്തെയും, അദ്ദേഹത്തിന്റെ നിഷ്കാമ കർമാനുഷ്ഠാനത്തെയും, അദ്ദേഹത്തിന്റെ അക്ഷീണമായ സേവന താല്പര്യത്തെയും, അദ്ദേഹത്തിന്റെ ഊർജസ്വലമായ ചൈതന്യത്തെയും ഞാൻ നമസ്കരിക്കുന്നു.'

2 ഒക്ടോബർ, 1982